# അനുസ്മരണം

## അബ്ദുർറഹ്മാൻ കുട്ടി മാസ്റ്റർ



**ചേളന്നൂർ** മസ്ജിദുൽ ഫലാഹ് കമ്മിറ്റി അസി. സെക്രട്ടറി അബ്ദുർറഹ്മാൻ കുട്ടി മാസ്റ്റർ അല്ലാഹുവിലേക്ക് യാത്രയായി.

റിലീഫ് ആന്റ് സകാത്ത് കമ്മിറ്റി, ട്രസ്റ്റ് ബിൽഡിംഗ് പ്രവർത്തക കമ്മിറ്റി എന്നിവയിൽ അംഗമായിരുന്നു. ഹജ്ജ് കഴിഞ്ഞു വന്നതിനുശേഷം അനുഭവങ്ങൾ പങ്കുവെക്കുകയും മറ്റുള്ളവരെ ഹജ്ജിന് പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. പ്രസ്ഥാന കുടുംബമാണ്.

**കെ.പി ഹസ്സൻ**

## ടി.എം മുഹമ്മദ് മാസ്റ്റർ



**റയോൺപുരം** പ്രദേശത്തെ ആദ്യകാല ഇസ്‌ലാമിക പ്രവർത്തകനായിരുന്നു ടി.എം മുഹമ്മദ് മാസ്റ്റർ(65). റയോൺപുരം കാർകുൻ ഹൽഖ നാസിമും പെരുമ്പാവൂർ ഏരിയാ ഓർഗനൈസറുമായി പ്രവർത്തിച്ചിട്ടുണ്ട്. മക്കളെ ഇസ്‌ലാമിക കലാലയങ്ങളിൽ പഠിപ്പിക്കാൻ താൽപര്യമെടുത്തു. നിർധനരെയും രോഗികളെയും സഹായിക്കുന്നതിൽ പ്രത്യേക താൽപര്യം കാണിച്ചു. ജീവിതത്തിൽ വളരെയധികം സൂക്ഷ്മത പാലിച്ചിരുന്നു. സർവീസിൽനിന്നും പിരിഞ്ഞ സമയം പ്രൊവിഡന്റ് ഫണ്ട് തുക കിട്ടിയപ്പോൾ അതിൽ ഉൾപ്പെട്ട പലിശ മാറ്റിവെക്കുകയും ആ തുക കൊണ്ട് ഒരു നിർധന കുടുംബത്തിന് വീട് വെച്ചുകൊടുക്കുകയും ചെയ്തു. സൗത്ത് വല്ലത്തെ ഖുർആൻ പഠനവേദി അദ്ദേഹം സംഭാവന നൽകിയ സ്ഥലത്താണ് നടന്നുവരുന്നത്. ഭാര്യയും ഏഴുമക്കളുമുണ്ട്.

**പി.ബി അലി റയോൺപുരം**

## ചോലക്കതൊടി മൊയ്തു



**പെരിന്തൽമണ്ണ** ടൗൺ ഹൽഖയിലെ സജീവ പ്രവർത്തകനായിരുന്നു ചോലക്കതൊടി മൊയ്തു സാഹിബ് (52). ബൈക്കപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്നു. വാക്കുകളേക്കാൾ കർമംകൊണ്ട് സംബരിച്ച വ്യക്തി. സാമ്പത്തിക രംഗത്ത് തികഞ്ഞ സൂക്ഷ്മത പാലിച്ചു. പെരിന്തൽമണ്ണയിലെ സേവനവേദികളിലെല്ലാം അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു. ഖത്തറിലെ പ്രവാസ ജീവിതത്തിനിടക്കാണ് പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. സാജിദയാണ് ഭാര്യ. നബീൽ, നാഇഫ്, നസീഫ് എന്നിവർ മക്കളാണ്.

**എ.ടി ശംസുദ്ദീൻ പെരിന്തൽമണ്ണ**

## ടി.പി മുഹമ്മദ് മുണ്ടേങ്ങര

**ജന്മനാ** അന്ധനാണെങ്കിലും ജീവിതകാലം മുഴുവൻ അധ്വാനിച്ച് ജീവിച്ച വ്യക്തിത്വമായിരുന്നു കഴിഞ്ഞ ഫെബ്രുവരിയിൽ മരണപ്പെട്ട എടവണ്ണ സ്വദേശി മുഹമ്മദ് സാഹിബ്. നാളികേരം പൊളിക്കലായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ജോലി. പള്ളിയാണ് അദ്ദേഹത്തിന്റെ ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം. ജോലി ഇല്ലെങ്കിലും ജോലി കഴിഞ്ഞാലും പള്ളിയിൽ ഉണ്ടാകും. ആദ്യം മുതലേ ജമാഅത്തിന്റെ ഗുണകാംക്ഷിയായിരുന്നു. പ്രസ്ഥാനത്തിന്റെ ഏത് പരിപാടിക്കും അദ്ദേഹം ഉണ്ടാകും. ഒരു റേഡിയോ, അല്ലെങ്കിൽ ഒരു ടേപ്പ്റിക്കാർഡർ എപ്പോഴും അദ്ദേഹത്തിന്റെ കൂടെയുണ്ടാകും, ഖുർആൻ കാസറ്റ് കേൾക്കാനും വാർത്ത കേൾക്കാനും. ഖുർആനിലെ മിക്ക സൂറകളും മനപാഠമാക്കിയിരുന്നു. എടവണ്ണ മസ്ജിദുൽ ഇഹ്സാൻ പണി കഴിഞ്ഞതു മുതൽ ഈ പള്ളിയാണ് അദ്ദേഹത്തിന്റെ കേന്ദ്രം. ഖുർആൻ സ്റ്റഡിക്ലാസിലെ സ്ഥിരം പഠിതാവായിരുന്നു.

**ടി.ടി മുഹമ്മദ്കുട്ടി എടവണ്ണ**

*അല്ലാഹു പരേതർക്ക് മർഹമത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*